# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്
## തലശ്ശേരി അതിരൂപത
### ഓണപരീക്ഷ - 2024

| | |
|---|---|
| ക്ലാസ്സ് : IV | സമയം : 2 മണിക്കൂർ |
| തീയതി : 01-9-2024 | മാർക്ക് : 70 |

## I. പദപ്പെട്ടിയിൽ നിന്ന് തെരഞ്ഞെടുത്തെഴുതുക 10

എസ്തപ്പാനോസ്, ദൈവികജീവൻ, കൂദാശകൾ,
തിരുസഭ, പരിശുദ്ധ ത്രിത്വത്തിന്റെ

1. ഈശോയിൽ വിശ്വസിച്ച് അവിടുത്തെ വചനം പാലിക്കുന്ന നമുക്ക് ലഭിക്കുന്നത്?
2. സഭയിലെ ആദ്യത്തെ രക്തസാക്ഷി ആര്?
3. ഈശോയിൽ വിശ്വസിച്ച് അവിടുത്തെ വചനം അനുസരിച്ച് ജീവിക്കുന്നവരുടെ സമൂഹമാണ്.
4. നമ്മിലേക്ക് ദൈവികജീവൻ എത്തിക്കുന്ന നീർച്ചാലുകൾ ആണ്.
5. മാമ്മോദീസ നൽകുന്നത് ആരുടെ നാമത്തിലാണ്?

## II. എ-ബി യോട് ചേർക്കുക 10

6. മുന്തിരിച്ചെടി - ഡൊമിനിക്
7. സഭയുടെ ശിരസ്സ് - വിശുദ്ധീകരിക്കുന്ന കർമ്മം
8. കൂദാശ - ഈശോ
9. യഹൂദപ്രമാണി - മിശിഹാ
10. ദൈവത്തിന്റെ - നിക്കൊദേമോസ്

## III. പൂരിപ്പിക്കുക 10

11. ഈശോയിൽ നിന്നാണ് നമുക്ക് ..................... ലഭിക്കുന്നത്.
12. ദൈവികജീവൻ നമുക്ക് നൽകുന്നതിനായി ................. സ്ഥാപിച്ചവയാണ് സഭയിലെ കൂദാശകൾ.
13. ദാഹിക്കുന്നവർക്ക് ഈശോ .................. വാഗ്ദാനം ചെയ്യുന്നു.

14. മാമ്മോദീസായിലൂടെ നാം ജലത്താലും ................ലും വീണ്ടും ജനിക്കുന്നു.

15. പന്തക്കുസ്താദിവസം ശിഷ്യന്മാർ പ്രാർത്ഥിച്ചുക്കൊണ്ടിരുന്നപ്പോൾ പരിശുദ്ധാത്മാവ് ............ രൂപത്തിൽ അവരുടെമേൽ ഇറങ്ങിവന്നു.

## IV. ശരിയോ തെറ്റോ എന്ന് എഴുതുക 5

16. സുവിശേഷം പ്രഘോഷിക്കുന്നതിനും ഈശോയ്ക്ക് സാക്ഷ്യം വഹിക്കുന്നതിനും നമ്മെ ശക്തരാക്കുന്ന കൂദാശയാണ് തൈലാഭിഷേകം.

17. ഫലം തരുന്ന ശാഖകളെ കൂടുതൽ കായ്ക്കാനായി പിതാവായ ദൈവം വെട്ടിയൊരുക്കുന്നു.

18. നമുക്ക് പരിശുദ്ധാത്മാവിന്റെ പ്രത്യേകമായ ശക്തിയും വരങ്ങളും ലഭിക്കുന്നത് മാമ്മോദീസ എന്ന കൂദാശയിലൂടെയാണ്.

19. കൂദാശകളിലൂടെ ഈശോ തന്റെ ദൈവികജീവൻ നമുക്ക് നൽകുന്നു.

20. കൂദാശകളിൽ ആദ്യത്തെ 3 എണ്ണം പ്രവേശക കൂദാശകൾ എന്ന് അറിയപ്പെടുന്നു.

## V. പേരെഴുതുക 5

21. "കുർബാന" എന്ന സുറിയാനി വാക്കിന്റെ അർത്ഥമെന്ത്?

22. തിരുനാളുകളുടെ തിരുനാൾ ഏത്?

23. "മിശിഹാ" എന്ന വാക്കിന്റെ അർത്ഥമെന്ത്?

24. വി. കുർബാനയിൽ ഈശോയുടെ മനുഷ്യാവതാരത്തിലേയ്ക്ക് നമ്മുടെ ശ്രദ്ധയെ ക്ഷണിക്കുന്ന ഗീതം ഏത്?

25. നിങ്ങളുടെ വികാരിയച്ചന്റെ പേര്, വീട്ടുപേര്?

## VI. ബൈബിൾ ഉദ്ധരണി പൂർത്തിയാക്കുക 5

26. "ഞാൻ നൽകുന്ന ................. കുടിക്കുന്നവന് പിന്നീട് ഒരിക്കലും ....................." (യോഹ 4:14).

27. “ജലത്താലും ................ ജനിക്കുന്നില്ലെങ്കിൽ ഒരുവനും ............... പ്രവേശിക്കുക സാധ്യമല്ല” (യോഹ 3:5).

## VII. ഉത്തരമെഴുതുക

28. കൂദാശകൾ എന്നാൽ എന്ത്? **3**

29. ഈശോ തന്റെ ദൈവികജീവൻ നമുക്ക് പകർന്നുതരുന്നത് എങ്ങനെ? ദൈവികജീവനിൽ വളരാൻ നാം എന്തുചെയ്യണം? **3**

30. വി. കൊച്ചുത്രേസ്യായുടെ പുണ്യവചനവും ജീവിതസന്ദേശവും എഴുതുക? **4**

31. വി. ഡൊമനിക് സാവിയോയുടെ ജീവിതസന്ദേശം എഴുതുക? വിശുദ്ധനെപ്പോലെ ഈശോയുടെ ഒരു നല്ല കൂട്ടുകാരനാകുവാൻ/കൂട്ടുകാരിയാകുവാൻ നിങ്ങൾക്കെങ്ങനെ സാധിക്കും? **4**

32. കൂദാശകൾ എത്ര? ഏതെല്ലാം? **5**

33. മാമ്മോദീസ എന്നാൽ എന്ത്? മാമ്മോദീസയെ ക്രൈസ്തവജീവിതത്തിന്റെ വാതിൽ എന്നു വിളിക്കുന്നത് എന്തുകൊണ്ട്? **6**

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്
## തലശ്ശേരി അതിരൂപത
### ഓണപരീക്ഷ - 2024

**ക്ലാസ്സ് : V** — **സമയം : 2 മണിക്കൂർ**
**തീയതി : 01-9-2024** — **മാർക്ക് : 70**

---

**I. പദപ്പെട്ടിയിൽ നിന്ന് ഉത്തരം തെരഞ്ഞെടുത്തെഴുതുക 5**

ബഞ്ചമിൻ, അഹറോൻ, വി. ഗ്രന്ഥം, ജോസഫ്, ഇസഹാക്ക്

1. മോശയുടെ സഹായി.
2. ദൈവത്തിന്റെ വാഗ്ദാനപ്രകാരം അബ്രാഹത്തിന് ജനിച്ച പുത്രൻ.
3. സ്വർഗ്ഗത്തെ ലക്ഷ്യമാക്കി ജീവിക്കുന്നതിനുള്ള വഴികാട്ടി.
4. ഈജിപ്തിന്റെ ഗവർണറായി ഫറവോ നിയമിച്ച വ്യക്തി.
5. യാക്കോബിന്റെ പന്ത്രണ്ട് മക്കളിൽ ഏറ്റവും ഇളയവൻ.

**II. എ - ബി യോട് ചേർക്കുക 5**

6. വി. ഫ്രാൻസിസ് - വലിയ ജനതയുടെ പിതാവ്
7. അബ്രാഹം - പ്രകാശമുള്ളവൾ
8. വി. ക്ലാര - ഈജിപ്ത് ദേശം
9. മോശ - ദരിദ്രസഹോദര സംഘം
10. റമ്സേസ് - ഹോറെബ്

**III. പേരെഴുതുക 5**

11. "കൂദാശ" എന്ന സുറിയാനി വാക്കിന്റെ അർത്ഥമെന്ത്?
12. ഇസ്രായേൽജനത്തിന്റെ ജീവിതസാഹചര്യങ്ങളിൽ രൂപംകൊണ്ട പ്രാർത്ഥനാഗീതങ്ങൾ ഏത്?
13. ക്രിസ്ത്യാനിയുടെ മുഖമുദ്ര എന്ത്?
14. വി. കുർബാനയിൽ ഈശോയുടെ മനുഷ്യാവതാരത്തിലേയ്ക്ക് നമ്മുടെ ശ്രദ്ധയെ ക്ഷണിക്കുന്ന ഗീതം ഏത്?
15. നിങ്ങളുടെ വികാരിയച്ചന്റെ പേര്, വീട്ടുപേര്?

## IV. പൂരിപ്പിക്കുക 5

16. പ്രകൃതിയെയും ജീവജാലങ്ങളെയും ദൈവസൃഷ്ടികളെന്ന നിലയിൽ ................ ആയിട്ടാണ് വി. ഫ്രാൻസിസ് അസ്സീസി കണക്കാക്കിയിരുന്നത്.
17. അബ്രാഹം താൻ താമസിച്ച സ്ഥലങ്ങളിലെല്ലാം ദൈവത്തിനായി ................. നിർമ്മിക്കുകയും ബലിയർപ്പിക്കുകയും ചെയ്തു.
18. പഴയനിയമത്തിലെ ആദ്യത്തെ അഞ്ച് പുസ്തകങ്ങൾ ................ എന്നറിയപ്പെടുന്നു.
19. യാക്കോബിന്റെ സന്തതിപരമ്പരകൾ ................ എന്ന് വിളിക്കപ്പെട്ടു.
20. പുതിയ ദൈവജനമായ .................യെ നയിക്കുന്നത് പന്ത്രണ്ട് ശ്ലീഹന്മാരും അവരുടെ പിൻഗാമികളുമാണ്.

## V. ശരിയോ തെറ്റോ എന്ന് എഴുതുക 5

21. ക്ലാരയ്ക്ക് ഏറ്റവും ഇഷ്ടപ്പെട്ട പ്രാർത്ഥന യേശുവിന്റെ പീഡാനുഭവത്തെക്കുറിച്ചുള്ള ധ്യാനമായിരുന്നു.
22. ഇസ്രായേലിന് ഈജിപ്തിൽ എത്തിച്ചേരാൻ ദൈവം വഴിയൊരുക്കിയത് ദാവീദിലൂടെയാണ്.
23. മനുഷ്യകുലത്തെ രക്ഷിക്കാനായി ദൈവം നടത്തിയ രക്ഷാകരപദ്ധതിയുടെ ആദ്യഭാഗങ്ങളാണ് പുതിയനിയമ ഗ്രന്ഥത്തിലുള്ളത്.
24. ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും നമ്മെക്കുറിച്ചുള്ള ദൈവിക പദ്ധതിക്ക് നാം കീഴ്‌വഴങ്ങണം.
25. കഷ്ടപ്പാടുകളുടെ മധ്യത്തിലും ദൈവം മനുഷ്യനെ രക്ഷയിലേക്ക് നയിക്കുന്നു.

## VI. ബൈബിൾ ഉദ്ധരണി പൂർത്തിയാക്കുക 4

26. "ഞാൻ നിങ്ങളെ എന്റെ ........... സ്വീകരിക്കും; നിങ്ങളുടെ ................ ആയിരിക്കുകയും ചെയ്യും" (പുറപ്പാട് 6:7).
27. "നിന്റെ ................ ന്റെ ദൈവം നിനക്ക് ................. ആയിരിക്കും" (ഉല്പത്തി 49:25).

## VII. ഉത്തരമെഴുതുക

28. പഴയ ഇസ്രായേലിന് ലഭിച്ച ദൈവാനുഭവവും ദൈവാനുഗ്രഹവും പുതിയ ഇസ്രായേലായ നമുക്ക് കൈവരുന്നത് എപ്പോൾ? **2**
29. യാക്കോബിന്റെ മക്കൾ ഈജിപ്തിലേയ്ക്ക് പുറപ്പെടാൻ കാരണമെന്ത്? **2**
30. ദൈവം മോശയെ ഫറവോയുടെ അടുത്തേയ്ക്ക് അയച്ചപ്പോൾ ഫറവോയോട് പറയാൻ ഏല്പിച്ച രണ്ടാമത്തെ കാര്യം എന്തായിരുന്നു? **2**
31. യാക്കോബിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നതെന്ത്? **3**
32. അബ്രാഹം വിശ്വാസികളുടെ പിതാവായിത്തീർന്നത് എങ്ങനെ? **3**
33. വി. ക്ലാരയുടെ പുണ്യവചനവും ജീവിതസന്ദേശവും എഴുതുക? **3**
34. വി. ഫ്രാൻസീസ് അസ്സീസിയുടെ ജീവിതസന്ദേശം എഴുതുക? സുവിശേഷം അനുസരിച്ചു ജീവിക്കാനാണ് ഫ്രാൻസീസ് അസ്സീസി തന്റെ ശിഷ്യന്മാരെ ഉപദേശിച്ചത്. നിങ്ങൾക്ക് എങ്ങനെയെല്ലാം സുവിശേഷാനുസൃതം ജീവിച്ച് ജീവിതം സുവിശേഷമാക്കി മാറ്റാൻ സാധിക്കും? **4**
35. അബ്രാഹത്തിന്റെ ജീവിതം നമുക്ക് നൽകുന്ന സന്ദേശം എന്ത്? **4**
36. പഴയനിയമജനതയുടെ ദൈവാനുഭവം നമ്മുടെ ജീവിതത്തിന് എപ്രകാരമാണ് സഹായകമാകുന്നത്? **4**
37. മോശയെ ശക്തിപ്പെടുത്താനായി ദൈവം നൽകിയ അടയാളങ്ങൾ എന്തെല്ലാം? **4**
38. പരി. കുർബാന യോഗ്യതയോടെ ഉൾക്കൊള്ളുവാൻ വേണ്ട കാര്യങ്ങൾ ഏവ? **5**
39. ബൈബിൾ ജീവിതത്തിന് വഴികാട്ടിയാണെന്ന് പറയാൻ കാരണമെന്ത്? നിങ്ങൾക്ക് എങ്ങനെയെല്ലാം ദൈവവചനത്തിന് അനുസൃതമായ ജീവിതം നയിക്കാൻ സാധിക്കും? **5**

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്
## തലശ്ശേരി അതിരൂപത
### ഓണപരീക്ഷ - 2024

**ക്ലാസ്സ് : VI** | **സമയം : 2 മണിക്കൂർ**
**തീയതി : 01-9-2024** | **മാർക്ക് : 70**

---

**I. പദപ്പെട്ടിയിൽ നിന്ന് ശരിയായ ഉത്തരം എടുത്തെഴുതുക 5**

തിരുപ്പിറവി, നസറത്ത്, കുഴിക്കാട്ടുശ്ശേരി, ദനഹാ, കാന

1. ഈശോ തന്റെ മഹത്ത്വം വെളിപ്പെടുത്തുന്നതിനു പ്രവർത്തിച്ച ആദ്യത്തെ അത്ഭുതം നടന്ന സ്ഥലം?
2. മംഗളവാർത്ത-പിറവിക്കാലങ്ങളുടെ കേന്ദ്രസംഭവം?
3. ഈശോ വളർന്ന സ്ഥലമേത്?
4. ഈശോയുടെ മാമ്മോദീസയെ അനുസ്മരിപ്പിക്കുന്ന തിരുനാൾ?
5. വി. മറിയം ത്രേസ്യയുടെ കബറിടം സ്ഥിതിചെയ്യുന്ന സ്ഥലം?

**II. എ-ബിയോട് ചേർക്കുക 5**

6. മിശിഹാ - കൂടെ വസിക്കൽ
7. സൂബാറ - ലാളിത്യം
8. മാർട്ടിൻ ഡി. പോറസ് - അഭിഷേകം ചെയ്യപ്പെട്ടവൻ
9. ഏൽപ്പയ്യാ - പ്രഖ്യാപനം
10. ഉപവാസം - ദൈവം പ്രകാശമാകുന്നു

**III. പൂരിപ്പിക്കുക 5**

11. പൂർവ്വപിതാക്കന്മാരിലൂടെയും ................യും രക്ഷകനെക്കുറിച്ചുള്ള വാഗ്ദാനം ദൈവം ആവർത്തിച്ചു.
12. പാപത്തിന്റെയും രോഗത്തിന്റെയും ബന്ധനങ്ങളിൽ നിന്ന് നമ്മെ മോചിപ്പിച്ച് ................ ളുടെ സ്വാതന്ത്ര്യത്തിലേക്ക് നമ്മെ നയിക്കാനാണ് ഈശോ വന്നത്.
13. താൻ പ്രവർത്തിച്ച അത്ഭുതങ്ങളിലൂടെയെല്ലാം ഈശോ തന്നിലെ ............ വെളിപ്പെടുത്തുകയായിരുന്നു.

14. നോമ്പുകാലത്തിന്റെ ആദ്യഞായറാഴ്ചയെ ............... എന്നാണ് വിളിക്കുന്നത്.

15. നമ്മുടെ ............ ന്റെയും ജീവിതത്തിന്റെയും കേന്ദ്രമാണ് പരിശുദ്ധ ത്രിത്വരഹസ്യം.

**IV. സംഭവങ്ങൾ ക്രമത്തിൽ എഴുതുക** **5**

16. (എ) ദൂതൻ അവളോടു പറഞ്ഞു; മറിയമേ നീ ഭയപ്പെടേണ്ട. ദൈവസന്നിധിയിൽ നീ കൃപ കണ്ടെത്തിയിരിക്കുന്നു.

(ബി) അവൻ വലിയവനായിരിക്കും. അത്യുന്നതന്റെ പുത്രൻ എന്ന് വിളിക്കപ്പെടും.

(സി) നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. നീ അവന് യേശു എന്ന് പേരിടണം.

(ഡി) ഈ വചനം കേട്ട് അവൾ വളരെ അസ്വസ്ഥയായി. എന്താണ് ഈ അഭിവാദനത്തിന്റെ അർത്ഥം എന്ന് അവൾ ചിന്തിച്ചു.

(ഇ) ഗബ്രിയേൽ ദൂതൻ മറിയത്തെ സമീപിച്ചു പറഞ്ഞു; ദൈവകൃപ നിറഞ്ഞവളെ, സ്വസ്തി. കർത്താവ് നിന്നോടു കൂടെ

**V. പേരെഴുതുക** **5**

17. "പന്തക്കുസ്താ" എന്ന വാക്കിന്റെ അർത്ഥമെന്ത്?

18. ഇസ്രായേൽജനത്തിന്റെ ജീവിതസാഹചര്യങ്ങളിൽ രൂപംകൊണ്ട പ്രാർത്ഥനാഗീതങ്ങൾ ഏത്?

19. വി. ജോൺപോൾ രണ്ടാമൻ മാർപാപ്പ ഞായറാഴ്ച ആചരണത്തെക്കുറിച്ച് എഴുതിയ അപ്പസ്തോലിക ലേഖനം ഏത്?

20. "കാറോസൂസ" എന്ന പദത്തിന്റെ അർത്ഥമെന്ത്?

21. തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത?

**VI. ബൈബിൾ ഉദ്ധരണി പൂർത്തിയാക്കുക** **5**

22. ഈശോ ലോകത്തിന്റെ പ്രകാശമാണെന്ന് വ്യക്തമാക്കുന്ന തിരുവചനം വി. യോഹന്നാന്റെ സുവിശേഷത്തിൽ നിന്ന് (യോഹ 8:12).

23. കല്ലിനെ അപ്പമാക്കി വിശപ്പടക്കാൻ പ്രേരിപ്പിച്ച പ്രലോഭകനോട് ഈശോ പറഞ്ഞ തിരുവചനം വി. മത്തായിയുടെ സുവിശേഷത്തിൽ നിന്ന് (മത്താ 4:4).

## VII. ഉത്തരമെഴുതുക

24. ദൈവരാജ്യം എന്നാൽ എന്താണ്? **2**

25. ഈശോയുടെ ജനനത്തെ അനുസ്മരിച്ചുകൊണ്ട് വി. കുർബാനയിൽ നാം ആലപിക്കുന്ന ഗീതം ഏത്? **2**

26. കാനായിൽ അത്ഭുതം ചെയ്യാൻ ഈശോയെ പ്രേരിപ്പിച്ചത് എന്ത്? **2**

27. ഈശോയുടെ ജ്ഞാനസ്നാനം എന്തിനെ സൂചിപ്പിക്കുന്നു? **3**

28. വി. മറിയം ത്രേസ്യായുടെ പുണ്യവചനം എഴുതുക. വി. മറിയം ത്രേസ്യായെ "കുടുംബങ്ങളുടെ പുണ്യവതി" എന്ന് വിളിക്കാൻ കാരണം എന്ത്? **3**

29. സീറോമലബാർ സഭയിൽ ഇപ്പോൾ നിലനിൽക്കുന്ന നോമ്പുകൾ ഏതെല്ലാം? **4**

30. ലാസർ രോഗിയാണെന്നറിഞ്ഞിട്ടും ഈശോ ബഥാനിയായിലേക്ക് പോകാൻ താമസിച്ചതെന്തുകൊണ്ട്? **4**

31. സീറോമലബാർ സഭയിൽ ദനഹാത്തിരുനാളിനോട് അനുബന്ധിച്ച് ഉണ്ടായിരുന്ന രണ്ട് അനുഷ്ഠാനങ്ങൾ ഏവ? **4**

32. വി. മാർട്ടിൻ ഡി. പോറസിന്റെ പുണ്യവചനം എഴുതുക? വി. മാർട്ടിൻ ഡി. പോറസ് പരസ്നേഹത്തിന്റെ പ്രേഷിതനായിരുന്നു. വ്യക്തമാക്കുക. നിങ്ങളുടെ ചുറ്റും പലവിധത്തിൽ ദാരിദ്രമനുഭവിക്കുന്നവരും കഷ്ടപ്പാടുകൾ അനുഭവിക്കുന്നവരും ഉണ്ട്. കുട്ടികളായ നിങ്ങൾക്ക് എങ്ങനെ അവരെ സഹായിക്കാനാകും? **5**

33. പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ ഏവ? **5**

34. ഈശോയുടെ വചനത്തിലും പ്രവൃത്തിയിലും സാന്നിദ്ധ്യത്തിലും ദൈവരാജ്യം മനുഷ്യർക്ക് പ്രത്യക്ഷമായതെങ്ങനെ? ഭൂമിയിൽ ദൈവരാജ്യം സംജാതമാക്കുവാൻ നിങ്ങൾക്ക് എന്തൊക്കെ ചെയ്യാൻ സാധിക്കും. **6**

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്
## തലശ്ശേരി അതിരൂപത
### ഓണപരീക്ഷ - 2024

| | |
|---|---|
| ക്ലാസ്സ് : VII | സമയം : 2 മണിക്കൂർ |
| തീയതി : 01-09-2024 | മാർക്ക് : 70 |

**I. പദപ്പെട്ടിയിൽ നിന്ന് ഉത്തരം എടുത്തെഴുതുക** 5

ആരാധന, കർത്താവിന്റെ ദിനം, മാതാപിതാക്കൾ,
സ്നേഹം, ഇസ്രായേൽ

1. ദൈവം യാക്കോബിന് നൽകിയ പേര്.
2. ദൈവത്തിനു മാത്രം അവകാശപ്പെട്ടത്.
3. സ്വർഗസ്ഥനായ പിതാവിന്റെ പ്രതിനിധികൾ.
4. ഞായറാഴ്ച ആചരണത്തെക്കുറിച്ചുള്ള ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ അപ്പസ്തോലിക ലേഖനം.
5. ദൈവപ്രമാണങ്ങളുടെ അടിസ്ഥാനം.

**II. പൂരിപ്പിക്കുക** 5

6. പഴയനിയമത്തിൽ ദൈവം നൽകിയ പ്രമാണങ്ങൾ ................ ലാണ് പൂർത്തീകരിക്കപ്പെടുന്നത്.
7. വിശ്വാസം നമ്മെ ...............ലേക്ക് നയിക്കുന്നു.
8. ദൈവപ്രമാണങ്ങൾ ആത്മാർത്ഥതയോടെ അനുസരിക്കുമ്പോൾ നാം സ്നേഹത്തിൽ വളരുകയും .............ന് അവകാശികളായിത്തീരുകയും ചെയ്യും.
9. മാതാപിതാക്കളും മക്കളും ...............ച്ചും സഹകരിച്ചും കഴിയുന്ന കുടുംബങ്ങളാണ് ഉത്തമ കുടുംബങ്ങൾ.
10. ദൈവത്തിനു നൽകേണ്ട പ്രഥമസ്ഥാനം മറ്റെന്തിനെങ്കിലും നൽകിയാൽ അതിനെ ............. എന്ന് വിളിക്കും.

## III. ഒറ്റവാക്കിൽ ഉത്തരമെഴുതുക 5

11. വിശ്വാസികളുടെ പിതാവ് ആര്?
12. "ഉപവാസം" എന്ന വാക്കിന്റെ അർത്ഥമെന്ത്?
13. വി. കുർബാനയിൽ ഈശോയുടെ മനുഷ്യാവതാരത്തിലേയ്ക്ക് നമ്മുടെ ശ്രദ്ധയെ ക്ഷണിക്കുന്ന ഗീതം ഏത്?
14. ഈശോയ്ക്ക് ഏറ്റവും പ്രിയങ്കരമായ പ്രാർത്ഥന ഏതായിരുന്നു?
15. സീറോമലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ്?

## IV. ചേരുംപടി ചേർക്കുക 5

| | | |
|---|---|---|
| 16. ഫെർണാണ്ടോ | - | പിതാവേ |
| 17. യേശുവിന്റെ സംഘം | - | ദനഹാ തിരുനാൾ |
| 18. ആബാ | - | വി. അന്തോനീസ് |
| 19. കർത്താവിന്റെ മാമ്മോദീസാ | - | പ്രത്യാശ |
| 20. ദൈവികപുണ്യം | - | വി. ഫ്രാൻസീസ് സേവ്യർ |

## V. ശരിയോ, തെറ്റോ എന്ന് എഴുതുക 5

21. ഇസ്രായേൽജനം സീനായ് മരുഭൂമിയിൽ എത്തിയപ്പോൾ ദൈവം അവരുമായി ഒരു ഉടമ്പടി സ്ഥാപിച്ചു.
22. ദൈവത്തിന്റെ അസ്ഥിത്വത്തെ തള്ളിക്കളയുകയോ നിഷേധിക്കുകയോ ചെയ്യുന്നതാണ് മന്ത്രവാദം.
23. കള്ളസത്യം പറയുന്നതും ആണയിടുന്നതും പാപമാണ്.
24. ആദ്യത്തെ മൂന്നു കല്പനകൾ മനുഷ്യന് ദൈവത്തോടുണ്ടായിരിക്കേണ്ട ബന്ധത്തെ സൂചിപ്പിക്കുന്നു.
25. പോർട്ടുഗലിലെ ലിസ്ബൺ എന്ന പട്ടണത്തിലാണ് വി. ഫ്രാൻസീസ് സേവ്യർ ജനിച്ചത്.

## VI. ബൈബിളിൽനിന്ന് ഉദ്ധരിക്കുക 5

26. ഈശോയുടെ നാമം മാത്രമാണ് നമുക്ക് രക്ഷയ്ക്കായി നൽകപ്പെട്ടിട്ടുള്ളത് എന്നു വ്യക്തമാക്കുന്ന തിരുവചനം അപ്പസ്തോല പ്രവർത്തനങ്ങളിൽ നിന്ന് (അപ്പ 4:12).
27. ഭൂമിയിൽ ദീർഘകാലം ജീവിച്ചിരിക്കേണ്ടതിന് മാതാപിതാക്കളെ ബഹുമാനിക്കണം എന്ന് വ്യക്തമാക്കുന്ന തിരുവചനം പുറപ്പാട് പുസ്തകത്തിൽ നിന്ന് (പുറ 20:12).

## VII. ഉത്തരമെഴുതുക

28. വി. ഫ്രാൻസീസ് സേവ്യറുടെ ജീവിതസന്ദേശം എഴുതുക. **2**

29. വിഗ്രഹാരാധന എന്നാൽ എന്ത്? **2**

30. ഒന്നാം പ്രമാണത്തിലൂടെ ദൈവം നമ്മോട് ആവശ്യപ്പെടുന്ന കാര്യങ്ങൾ ഏവ? **3**

31. അധികാരികളെയും മുതിർന്നവരെയും നാം ആദരിക്കണം. എന്തുകൊണ്ട്? **3**

32. ഈശോ എന്ന നാമം മഹനീയമാണ്. വിശദീകരിക്കുക? **4**

33. "വി. ഫ്രാൻസീസിന്റെ ചെറുപുഷ്പങ്ങൾ" എന്ന കൃതിയിൽ രേഖപ്പെടുത്തിയിരിക്കുന്ന അന്തോനീസിന്റെ പ്രേഷിതപ്രവർത്തനവുമായി ബന്ധപ്പെട്ട രണ്ട് അത്ഭുതങ്ങൾ ചുരുക്കി എഴുതുക? **4**

34. പുതിയനിയമ ജനതയായ നാം കർത്താവിന്റെ ദിനമായ ഞായറാഴ്ച ആചരിക്കേണ്ടതെങ്ങനെ? കർത്താവിന്റെ ദിവസമായ ഞായറാഴ്ച ആചരണത്തിലൂടെ നിങ്ങൾ സ്വന്തമാക്കുന്ന മൂല്യങ്ങൾ ഏവ? ഞായറാഴ്ച ആചരണം കൂടുതൽ ഫലപ്രദമാക്കാൻ നിങ്ങൾക്ക് എന്തൊക്കെ ചെയ്യാൻ കഴിയും? **5**

35. തിരുസഭയുടെ കല്പനകൾ എഴുതുക. **5**

36. കല്പനകൾ എന്തിനെല്ലാം നമ്മെ സഹായിക്കുന്നു? ദൈവപ്രമാണങ്ങൾ പാലിച്ചും ദൈവസ്നേഹത്തിൽ വ്യാപരിച്ചും നിങ്ങൾക്ക് എങ്ങനെ നിത്യജീവൻ അവകാശമാക്കാൻ സാധിക്കും? **6**

37. മക്കൾക്ക് മാതാപിതാക്കളോടുള്ള കടമകൾ ഏവ? തിരുക്കുടുംബത്തിൽ ജീവിച്ച ഈശോയുടെ മാതൃക അനുകരിച്ച് എപ്രകാരം നിങ്ങളുടെ കുടുംബത്തെ തിരുക്കുടുംബ സദൃശ്യമാക്കാൻ കഴിയും? **6**

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്
## തലശ്ശേരി അതിരൂപത
### ഓണപരീക്ഷ - 2024

| | |
|---|---|
| ക്ലാസ്സ് : VIII | സമയം : 2 മണിക്കൂർ |
| തീയതി : 01-9-2024 | മാർക്ക് : 70 |

**I. ശരിയായ ഉത്തരം എടുത്തെഴുതുക** 5

1. ഉടമ്പടി പാലനത്തിന്റെ അവശ്യവ്യവസ്ഥ.
(വചനപാലനം, നിയമാനുസരണം, ആചാരാനുഷ്ഠാനങ്ങൾ)
2. ഈശോ തന്റെ സഭ സ്ഥാപിച്ച അടിസ്ഥാനം.
(രക്തസാക്ഷികൾ, വിശുദ്ധർ, ശ്ലീഹന്മാർ)
3. സഭാകൂട്ടായ്മയിലേക്ക് ഒരാൾക്ക് പ്രവേശനം നൽകുന്ന കൂദാശ.
(തൈലാഭിഷേകം, മാമ്മോദീസ, വി. കുർബാന)
4 ആദിമസഭയിലുള്ള പരിശുദ്ധാത്മാവിന്റെ ഇടപെടൽ രേഖപ്പെടുത്തിയിരിക്കുന്ന പുസ്തകം.
(റോമാലേഖനം, വെളിപാട്, അപ്പസ്തോലപ്രവർത്തനങ്ങൾ)
5. രോഗശാന്തിയും പാപമോചനവും സഹനശക്തിയും നൽകുന്ന കൂദാശ?
(തിരുപ്പട്ടം, രോഗീലേപനം, തൈലാഭിഷേകം)

**II. ഉത്തരമെഴുതുക** 5

6. മനുഷ്യരക്ഷ പൂർത്തിയാക്കാൻ ദൈവത്താൽ പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ടവരുടെ സമൂഹമേത്?
7. ഇസ്രായേലിന്റെ അനുഭവത്തിൽ രക്ഷ എന്താണ്?
8. ദൈവത്തിന്റെ അത്യുത്തമ വെളിപാട് ആര്?
9. "പരിശുദ്ധാത്മാവ് ഒരാലയത്തിലെന്നപോലെ തിരുസഭയിലും വിശ്വാസികളുടെ ഹൃദയത്തിലും വസിക്കുന്നു" എന്നുപഠിപ്പിച്ച കൗൺസിൽ?
10. ദൈവം തന്റെ സഭയിൽ ഒന്നാമതായി നിയമിച്ചിരിക്കുന്നത് ആരെയാണെന്നാണ് വി. പൗലോസ് ശ്ലീഹാ പറയുന്നത്?

## III. പൂരിപ്പിക്കുക 5

11. പന്ത്രണ്ടു ഗോത്രങ്ങളുടെ പിതാവായിത്തീർന്ന യാക്കോബിന് ദൈവം നൽകിയ നാമം .................... എന്നാണ്.
12. മനുഷ്യവംശത്തിന് ദൈവം നൽകിയ രക്ഷയുടെ വാഗ്ദാനം പൂർത്തീകരിക്കപ്പെട്ടത് ................ലൂടെയാണ്.
13. വിശ്വാസത്തിലേക്ക് കടന്നുവരാനുള്ള വാതിൽ ................. ആണ്.
14. പാപത്താൽ നഷ്ടമായ ആത്മീയജീവൻ ................. കൂദാശയിലൂടെ വീണ്ടും ലഭിക്കുന്നു.
15. സഭയിലൂടെ മിശിഹാ നമ്മെ പഠിപ്പിക്കുകയും ................യും വിശുദ്ധീകരിക്കുകയും ചെയ്യുന്നു.

## IV. ഒറ്റവാക്കിൽ ഉത്തരമെഴുതുക 5

16. നന്മ ചെയ്തവരും തിന്മ ചെയ്തവരും പൂർണ്ണമായി വേർതിരിക്കപ്പെടുന്ന സംഭവം?
17. ഇടവക വൈദികരുടെ സ്വർഗ്ഗീയ മധ്യസ്ഥൻ ആര്?
18. വി. കുർബാനയിൽ കാർമ്മികൻ കുരിശാകൃതിയിൽ കാഴ്ചവസ്തുക്കൾ ഉയർത്തുമ്പോൾ അനുസ്മരിക്കുന്നതെന്ത്?
19. സീറോമലബാർസഭയുടെ ആരാധനക്രമത്തിലുപയോഗിക്കുന്ന വിശുദ്ധഗ്രന്ഥ വായനാപുസ്തകങ്ങളെ വിളിക്കുന്ന പേരെന്ത്?
20. തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത?

## V. ചേരുംപടി ചേർക്കുക 5

| | | |
|---|---|---|
| 21. മെത്തനോയിയ | - | ആദ്യത്തെ രക്തസാക്ഷി |
| 22. എക്ലേസിയ | - | ഇസ്രായേലിന്റെ വിമോചനം |
| 23. ആർച്ചുഡീക്കൻ | - | വിളിച്ചുകൂട്ടപ്പെട്ടവരുടെ സമൂഹം |
| 24. മോശ | - | ജാതിക്കു കർത്തവ്യൻ |
| 25. വി. സ്തേഫാനോസ് | - | തിരിച്ചുവരവ് |

## VI. ബൈബിളിൽ നിന്നും ഉദ്ധരിക്കുക 5

26. ഈശോയെ ദൈവാലയത്തിൽ കാഴ്ചവച്ച അവസരത്തിൽ പ്രവാചകനായ ശെമയോൻ ഉദ്ഘോഷിച്ച വാക്കുകൾ വി. ലൂക്കായുടെ സുവിശേഷത്തിൽ നിന്ന് (ലൂക്കാ 2:31).

27. രക്ഷ പ്രാപിക്കുന്നതിനുള്ള അവശ്യവ്യവസ്ഥയായി വി. പൗലോസ് ശ്ലീഹാ പറഞ്ഞ വാക്കുകൾ റോമാക്കാർക്കുള്ള ലേഖനത്തിൽ നിന്ന് (റോമ 10:9).

## VII. ഉത്തരം എഴുതുക

28. ലൈംഗികതയുടെ രണ്ട് ലക്ഷ്യങ്ങൾ ഏവ? **2**

29. ഇസ്രായേലിന്റെ ചരിത്ര പശ്ചാത്തലത്തിൽ എക്ലേസിയ എന്ന പദം ഉൾക്കൊള്ളുന്ന ആശയങ്ങൾ എന്തെല്ലാം? **3**

30. സ്നേഹത്തിന്റെ വിവിധ തലങ്ങൾ ഏവ? വിശദമാക്കുക. **3**

31. വി. കുർബാന ഈശോയോടും സഹോദരങ്ങളോടും നമ്മെ ഐക്യപ്പെടുത്തുന്നതെങ്ങനെ? ദിവ്യകാരുണ്യവർഷത്തിൽ നിങ്ങൾക്ക് എപ്രകാരം വി. കുർബാന കേന്ദ്രീകൃതമായ ജീവിതം നയിക്കുവാൻ സാധിക്കും? **4**

32. സഭാമക്കളായ നമുക്ക് നൽകപ്പെട്ടിരിക്കുന്ന ദാനങ്ങളും വരങ്ങളും എപ്രകാരമാണ് വിനിയോഗിക്കേണ്ടത്? **4**

33. നാം ആത്മാവിനാൽ നയിക്കപ്പെടുന്നവരാകാൻ എന്തെല്ലാം ചെയ്യണം? **4**

34. പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ എഴുതുക? **5**

35. കൗമാര കാലഘട്ടത്തിലെ പക്വതയുടെ വിവിധ മേഖലകൾ ഏവ? വിശദമാക്കുക. **5**

36. രക്ഷയും കൂദാശകളും തമ്മിലുള്ള ബന്ധമെന്ത്? തിരുവചനത്തിലൂടെയും സഭ പരികർമ്മം ചെയ്യുന്ന കൂദാശകളിലൂടെയും നിങ്ങൾക്ക് എപ്രകാരം രക്ഷയുടെ അനുഭവം സ്വന്തമാക്കാൻ സാധിക്കും? **5**

37. വിശ്വാസത്തിന്റെ അഞ്ച് ഘടകങ്ങൾ ഏവ? അബ്രാഹത്തിന്റെയും പരിശുദ്ധ അമ്മയുടെയും ജീവിതമാതൃക ഉൾക്കൊണ്ട് നിങ്ങൾക്ക് എപ്രകാരം വിശ്വാസാധിഷ്ഠിത ജീവിതം നയിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുക? **5**

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്
## തലശ്ശേരി അതിരൂപത
### ഓണപരീക്ഷ - 2024

**ക്ലാസ്സ്  : IX**  **സമയം : 2 മണിക്കൂർ**
**തീയതി : 01-09-2024**  **മാർക്ക് : 70**

---

**I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക** **5**

1. ഇസ്രായേൽക്കാരുടെ മതാത്മക ജീവിതത്തിന്റെ ഹൃദയത്തുടിപ്പ്?
   (സങ്കീർത്തനങ്ങൾ, സുഭാഷിതങ്ങൾ, ഉത്തമഗീതം)
2. അദൃശ്യമായ സ്വർഗ്ഗീയ യാഥാർത്ഥ്യത്തെ സൂചിപ്പിക്കുകയും സന്നിഹിതമാക്കുകയും ചെയ്യുന്ന അടയാളം?
   (യാമപ്രാർത്ഥന, കൂദാശകൾ, വാക്കുകൾ)
3. ശ്രവിച്ച വചനത്തിനുള്ള പ്രത്യുത്തരവും വിശ്വാസപ്രഘോഷണവുമാണ്?
   (ഉത്ഥാനഗീതം, ത്രൈശുദ്ധകീർത്തനം, കാറോസൂസ പ്രാർത്ഥന)
4. ദൈവോന്മുഖവും പരോന്മുഖവുമായ ജീവിതത്തിന് ഊർജ്ജം നൽകുന്ന ശക്തിസ്രോതസ്സ്?
   (മാമ്മോദീസ, തൈലാഭിഷേകം, വി. കുർബാന)
5. ബലിയർപ്പണത്തിന്റെ അവശ്യയോഗ്യത എന്ത്?
   (പങ്കുവയ്ക്കൽ, സ്നേഹം, എളിമ)

**II. പേരെഴുതുക** **5**

6. പന്ത്രണ്ട് ഗോത്രങ്ങളുടെ പിതാവായിത്തീർന്ന യാക്കോബിന് ദൈവം നൽകിയ നാമം?
7. സഭയുടെ സത്യവിശ്വാസപ്രബോധനങ്ങൾ നിരാകരിച്ച് അതിന് വിരുദ്ധമായി പഠിപ്പിക്കുന്നത്?
8. "കൈത്ത" എന്ന പദത്തിന്റെ അർത്ഥമെന്ത്?
9. വി. കുർബാനയിൽ വിഭജനശുശ്രൂഷയ്ക്കുമുൻപ് തിരുശരീരം ഉയർത്തുന്നത് എന്തിനെയാണ് സൂചിപ്പിക്കുന്നത്?
10. സീറോമലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ്?

## III. പൂരിപ്പിക്കുക 5

11. .................. കീർത്തനത്തോടുകൂടിയാണ് വചനശുശ്രൂഷ ആരംഭിക്കുന്നത്.
12. ദൈവാരാധനയിൽ ശുശ്രൂഷിക്കുന്ന ............... മാലാഖമാരെ സൂചിപ്പിക്കുന്നു.
13. പഴയ ഇസ്രായേലിനെപ്പോലെത്തന്നെ പുതിയ ഇസ്രായേലായ .................. യും ആരാധകരുടെ സമൂഹമാണ്.
14. ................... എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് "ലിറ്റർജി" എന്ന വാക്കുണ്ടായത്.
15. കാൽവരിയിൽ പൂർത്തിയാകാനിരുന്ന ബലിയുടെ കൗദാശിക രൂപമായിരുന്നു ................ ൽ നിറവേറിയത്.

## IV. ഒറ്റവാക്കിൽ ഉത്തരമെഴുതുക 5

16. "എനിക്ക് എന്റെ ദൈവത്തിന്റെ ശക്തിയറിയാം.... എന്റെ മണവാളൻ എന്നെ സംരക്ഷിക്കും." ആരുടേതാണ് ഈ വാക്കുകൾ?
17. വി. അഗസ്റ്റിന്റെ തിരുന്നാൾ ദിനം എന്ന്?
18. ദൈവശാസ്ത്രജ്ഞന്മാരുടെ ദൈവശാസ്ത്രജ്ഞനും വേദപാരംഗതരുടെ വേദപാരംഗതനുമെന്ന് അറിയപ്പെടുന്ന വിശുദ്ധൻ?
19. "ക്രിസ്താനുകരണം" എന്ന കൃതിയുടെ ഗ്രന്ഥകർത്താവാര്?
20. "ആഗ്നസ്" എന്ന പേരിന്റെ അർത്ഥം?

## V. ചേരുംപടി ചേർക്കുക 5

| | | |
|---|---|---|
| 21. ബേസ്ഗസ | - | സ്വർഗം |
| 22. സ്ലീവ | - | ഭൗമിക ജെറുസലേം |
| 23. സൂനാറ | - | നിക്ഷേപാലയം |
| 24. മദ്ബഹ | - | ശുദ്ധത |
| 25. ബേമ്മ | - | രക്ഷ |

## VI. ബൈബിളിൽ നിന്നും ഉദ്ധരിക്കുക 5

26. കർത്താവിന്റെ ശരീരത്തിനും രക്തത്തിനുമെതിരെ ചെയ്യുന്ന തെറ്റുകൾ വ്യക്തമാക്കുന്ന വചനഭാഗം കോറിന്തോസുകാർക്കുള്ള ഒന്നാം ലേഖനത്തിൽ നിന്ന് (1 കോറി 11:27).

27. നമ്മുടെ കർത്താവും ദൈവവുമായ അവിടുന്ന് മഹത്വത്തിന് അർഹനാണ് എന്ന് സൂചിപ്പിക്കുന്ന വചനഭാഗം വെളിപാട് പുസ്തകത്തിൽ നിന്ന് (വെളിപാട് 4:11).

## VII. ഉത്തരമെഴുതുക

28. ദൈവാരാധന അഥവാ ലിറ്റർജി എന്നാൽ എന്ത്? **2**

29. ദൈവാരാധനയിലെ വിവിധ അടയാളങ്ങൾ ഏതെല്ലാം? **2**

30. ദൈവാലയത്തിലെ അതിവിശുദ്ധ സ്ഥലമായ ബലിവേദിയുടെ പ്രതീകാത്മകമായ അർത്ഥം വിശദീകരിക്കുക? **3**

31. കാർമ്മികൻ, ശുശ്രൂഷികൾ, സമൂഹം ഇവർ ആരെയൊക്കെ പ്രതി നിധാനം ചെയ്യുന്നു? **3**

32. ഉത്ഥാനഗീതസമയത്ത് നാം അനുസ്മരിക്കുന്നതെന്ത്? **4**

33. ആത്മാവിലും സത്യത്തിലും ആരാധനയർപ്പിക്കേണ്ടത് എങ്ങനെ യെന്നാണ് ഈശോ പഠിപ്പിച്ചത്? **4**

34. വി. ആഗ്നസ് നമുക്ക് നൽകുന്ന സന്ദേശമെന്ത്? സുഖഭോഗ ങ്ങൾക്ക് അമിതപ്രാധാന്യം നൽകുന്ന ഇക്കാലത്ത് വി. ആഗ്ന സിന്റെ ജീവിതം എപ്രകാരം നമ്മെ വിശ്വാസത്തിന്റെയും വിശു ദ്ധിയുടെയും ജീവിതത്തിലേയ്ക്ക് നയിക്കും? **5**

35. ദൈവകല്പനകൾ എഴുതുക? **5**

36. സുവിശേഷപ്രദക്ഷിണവും വായനയും സുവിശേഷപ്രസംഗവും എന്തെല്ലാം കാര്യങ്ങൾ നമ്മെ അനുസ്മരിപ്പിക്കുന്നു? ദൈവവ ചനത്തെ അനുദിന ജീവിതസാഹചര്യത്തിൽ സ്വീകരിച്ച് ഫല മുളവാക്കുവാൻ നിങ്ങൾക്ക് എപ്രകാരം സാധിക്കും? **6**

37. വി. കുർബാന ക്രൈസ്തവജീവിതത്തിന്റെ ശക്തികേന്ദ്രമാകു ന്നത് എങ്ങനെ? ഈശോ തന്നെത്തന്നെ മുറിച്ചുതന്ന് നമുക്ക് ജീവന്റെ അപ്പമായിത്തീർന്നു. അനുദിനജീവിതത്തിൽ നിങ്ങൾക്ക് എങ്ങനെയെല്ലാം വി. കുർബാന കേന്ദ്രീകൃതമായ ജീവിതം നയിക്കാൻ സാധിക്കും? **6**

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്
## തലശ്ശേരി അതിരൂപത
### ഓണപരീക്ഷ - 2024

**ക്ലാസ്സ് : X** **സമയം : 2 മണിക്കൂർ**
**തീയതി : 01-09-2024** **മാർക്ക് : 70**

---

**I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുക** **5**

1. ദൈവപിതാവിന്റെ സുവിശേഷം.
   (ശിഷ്യന്മാർ, ഈശോ, വിശുദ്ധർ)
2. പ്രഥമ രക്തസാക്ഷി.
   (വി. സ്തേഫാനോസ്, വി. പത്രോസ്, വി. യോഹന്നാൻ)
3. സഭയുടെ സ്വഭാവത്തെ സൂചിപ്പിക്കാൻ 'മാർഗം' എന്ന പദം ഉപയോഗിച്ചിരിക്കുന്ന ഗ്രന്ഥം?
   (റോമാലേഖനം, അപ്പസ്തോല പ്രവർത്തനങ്ങൾ, പത്രോസിന്റെ ലേഖനം)
4. ഏത് ചക്രവർത്തിയുടെ കാലത്താണ് സഭയ്ക്ക് സ്വാതന്ത്ര്യം അനുവദിച്ച് കിട്ടിയത്?
   (നീറോ, കോൺസ്റ്റന്റെയിൻ, ഡയോക്ലീഷൻ)
5. സഭയുമായി ഐക്യമില്ലാതെ വിഘടിച്ചു നിൽക്കുന്നത്?
   (ശീശ്മ, പാഷണ്ഡത, ആര്യനിസം)

**II. പൂരിപ്പിക്കുക** **5**

6. സത്യവിശ്വാസത്തിന്റെ ഉറവിടങ്ങൾ ................. വും വി. പാരമ്പര്യങ്ങളുമാണ്.
7. ഈശോമിശിഹായിലൂടെ ദൈവം നൽകുന്ന ................. ആയിരുന്നു ശ്ലീഹന്മാരുടെ പ്രബോധനത്തിന്റെ ഉള്ളടക്കം.
8. സുവിശേഷവത്ക്കരണത്തിനുള്ള പ്രധാനപ്പെട്ട മാർഗ്ഗം ............ വഴി നൽകപ്പെടുന്ന സാക്ഷ്യം ആണ്.
9. സഭയുടെ പ്രേഷിതസ്വഭാവത്തിന്റെ അടിസ്ഥാനം ................ ആണ്.
10. സഭയെ സഭയാക്കുന്നത് ഈശോമിശിഹായോടും സഭാംഗങ്ങൾ തമ്മിൽതമ്മിലുമുള്ള ................ ആണ്.

## III. ഒറ്റവാക്കിൽ ഉത്തരമെഴുതുക 5

11. 'മിഷൻ' എന്ന വാക്കിന്റെ ഉത്ഭവം ഏത് ലത്തീൻ പദത്തിൽ നിന്നാണ്?
12. ആരുടെ പ്രാർത്ഥനാ മാതൃകകളാണ് ആദിമക്രൈസ്തവർ സ്വീക രിച്ചത്?
13. ദൈവത്തിന്റെ ഇഷ്ടം നിറവേറ്റപ്പെടുന്ന അവസ്ഥ?
14. സത്യവിശ്വാസത്തിന്റെ ഉറവിടങ്ങൾ വ്യാഖ്യാനിക്കാനും പഠി പ്പിക്കാനുമുള്ള അവകാശവും അധികാരവും ആർക്കാണ്?
15. വിശ്വാസത്തിൽ ഒന്നുചേർന്ന സഭാസമൂഹത്തിന്റെ യഥാർത്ഥ ശക്തികേന്ദ്രം?

## IV. പേരെഴുതുക 5

16. മിശിഹായിലൂടെ യാഥാർത്ഥ്യമാകാനിരുന്ന ദൈവരാജ്യത്തിന്റെ പ്രതിരൂപം?
17. "പരിശുദ്ധാത്മാവിന്റെ വീണ" എന്ന അപരനാമത്തിൽ അറിയ പ്പെടുന്ന പൗരസ്ത്യസുറിയാനി സഭാപിതാവ്?
18. കൈത്താക്കാലത്തിലെ ആദ്യത്തെ ഞായറാഴ്ച അനുസ്മരിക്കു ന്നതാരെ?
19. വി. കുർബാനയിൽ കർത്താവിന്റെ മനുഷ്യാവതാരത്തിലേയ്ക്ക് നമ്മുടെ ശ്രദ്ധയെ ക്ഷണിക്കുന്ന ഗീതം ഏത്?
20. തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത?

## V. ചേരുംപടി ചേർക്കുക 5

| | |
|---|---|
| 21. അപ്പസ്തോല പിതാവ് | - വി. ബേസിൽ |
| 22. ക്രിസ്തീയ സ്നേഹം | - വി. ദൈവസഹായം |
| 23. സഭാപിതാവ് | - റോമിലെ വി. ക്ലമന്റ് |
| 24. ഭാരതത്തിലെ അല്മായ രക്തസാക്ഷി | - വി. അപ്രേം |
| 25. പൗരസ്ത്യ സുറിയാനി പിതാവ് | - വി. മാക്സ് മില്യൻ കോൾബേ |

## VI. ബൈബിളിൽ നിന്നും ഉദ്ധരിക്കുക 4

26. സ്വർഗ്ഗസ്ഥനായ പിതാവിന്റെ മുൻപിൽ ഈശോ നമ്മെ ഏറ്റു പറയേണ്ടതിന് നാം എന്തുചെയ്യണം എന്ന് വ്യക്തമാക്കുന്ന തിരുവചനം വി. മത്തായിയുടെ സുവിശേഷത്തിൽ നിന്ന് (മത്താ 10:32).

27. ഈശോ സ്വർഗ്ഗാരോഹണവേളയിൽ ശിഷ്യന്മാരെ ഭരമേല്പിച്ച പ്രേഷിതദൗത്യം വി. മർക്കോസിന്റെ സുവിശേഷത്തിൽ നിന്ന് (മർക്കോ 16:15).

## VII. ഉത്തരമെഴുതുക

28. 'മിഷൻ' എന്ന പദംകൊണ്ട് അർത്ഥമാക്കുന്നത് എന്ത്? **2**

29. സഭ സാർവത്രിക രക്ഷയുടെ കൂദാശയാണ് എന്നുപറയുന്നത് എന്തുകൊണ്ട്? **2**

30. തലശ്ശേരി രൂപതയുടെ പ്രഥമ മെത്രാൻ ആര്? ഏത് തിരുവെഴുത്ത് വഴിയാണ് തലശ്ശേരി രൂപത സ്ഥാപിതമായത്? **2**

31. സുവിശേഷപ്രഘോഷണവും സാക്ഷ്യവും തമ്മിലുള്ള ബന്ധമെന്ത്? **3**

32. സ്വഭാവത്താലെ പ്രേഷിതയായ സഭയുടെ പ്രേഷിതദൗത്യത്തിൽ കുട്ടികളായ നിങ്ങൾക്ക് എങ്ങിനെയെല്ലാം പങ്കുചേരാം? **3**

33. സുവിശേഷപ്രഘോഷണ ഫലമായി രൂപംകൊണ്ട സഭ എപ്രകാരമാണ് പ്രഘോഷണദൗത്യം നിർവഹിക്കുന്നത്? നിങ്ങൾക്ക് എപ്രകാരം സുവിശേഷസന്ദേശങ്ങൾ പ്രചരിപ്പിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുക. **3**

34. പ്രാർത്ഥനയിൽ അടിയുറച്ച സമൂഹമായിരുന്നു ആദിമ ക്രൈസ്തവ സമൂഹം. ഇത് അവരെ എപ്രകാരമാണ് ശക്തിപ്പെടുത്തിയത്? ആദിമക്രൈസ്തവരുടെ ജീവിതമാതൃക അനുകരിച്ച് നിങ്ങളുടെ പ്രാർത്ഥനാജീവിതം ശക്തിപ്പെടുത്താൻ എന്തെല്ലാം ചെയ്യും? **4**

35. മലബാറിലേക്കുള്ള കുടിയേറ്റത്തിന് ഇടയാക്കിയ സാഹചര്യങ്ങൾ ഏവ? വിശദമാക്കുക. **4**

36. റോമൻ ചക്രവർത്തിമാർക്ക് ക്രിസ്ത്യാനികളുടെമേൽ മതപീഡനം നടത്താൻ സഹായകമായ സാഹചര്യങ്ങൾ ഏവ? **4**

37. കുടിയേറ്റ ജനതയ്ക്ക് തങ്ങളുടെ ജീവിതത്തിൽ അഭിമുഖീകരിക്കേണ്ടിവന്ന പ്രതികൂല സാഹചര്യങ്ങൾ വ്യക്തമാക്കുക. **4**

38. മനസ്താപപ്രകരണം എഴുതുക. **5**

39. ആരാണ് വിശ്വാസ സംരക്ഷകർ? സത്യവിശ്വാസം ഉപേക്ഷിച്ചു പോകുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ സത്യവിശ്വാസം സംരക്ഷിക്കാനും അത് തലമുറകൾക്ക് പകർന്നു കൊടുക്കാനും നിങ്ങൾ എന്തെല്ലാം ചെയ്യും? **5**

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്
## തലശ്ശേരി അതിരൂപത
### ഓണപരീക്ഷ - 2024

**ക്ലാസ്സ് : XI** | **സമയം : 2 മണിക്കൂർ**
**തീയതി : 01-09-2024** | **മാർക്ക് : 70**

---

**I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക** **5**

1. ക്രിസ്തീയജീവിതത്തിന്റെ ആരംഭവും അടിസ്ഥാനവും.
(വി. കുർബാന, മാമ്മോദീസ, തൈലാഭിഷേകം)

2. യഹൂദരുടെ നിയമസംഹിതയും വ്യാഖ്യാനവുമടങ്ങിയ ഗ്രന്ഥം.
(താൽമൂദ്, യഹൂദപൗരാണികത്വം, അനൾസ്)

3. "വിശ്വസിക്കുവാൻവേണ്ടി ഞാൻ ഗ്രഹിക്കുന്നു, ഗ്രഹിക്കുവാൻ വേണ്ടി ഞാൻ വിശ്വസിക്കുന്നു." ആരുടേതാണ് ഈ വാക്കുകൾ?
(വി. ജെറോം, വി. ആഗസ്തീനോസ്, വി. ഇഗ്നേഷ്യസ്)

4. കൃപാവരത്തിന്റെ ഫലദായകങ്ങളായ അടയാളങ്ങളും ഉപാധികളും.
(നൊവേനകൾ, വെഞ്ചരിപ്പുകൾ, കൂദാശകൾ)

5. തന്നെത്തന്നെ വെളിപ്പെടുത്തുകയും നമ്മെ സ്നേഹിക്കുകയും ചെയ്യുന്ന ദൈവത്തിന് നമ്മൾ നല്കുന്ന പ്രത്യുത്തരം.
(വിശ്വാസം, സ്നേഹം, സ്തുതി)

**II. പൂരിപ്പിക്കുക** **5**

6. മനുഷ്യവംശത്തിന്റെ വീണ്ടെടുപ്പിനായുള്ള മിശിഹായുടെ രക്ഷാകര കർമ്മത്തെയാണ് ............... എന്നുപറയുന്നത്.

7. മിശിഹായെ രക്ഷകനും .................. മായി കണ്ടെത്തുകയെന്നതാണ് ക്രിസ്തീയജീവിതദർശനത്തിന്റെ അനന്യത.

8. ................ എന്ന ദൗത്യം സഭ അവളുടെ നാഥനായ ഈശോമിശിഹായിൽനിന്നു സ്വീകരിച്ചതാണ്.

9. വി. കുർബാനയിൽ ഒരു നീരുറവയിൽനിന്ന് എന്നപോലെ ............. നമ്മിലേക്ക് പ്രവഹിക്കുന്നു.

10. സഭയുടെ വിശ്വാസരഹസ്യങ്ങളുടെ അടിസ്ഥാനം ............... ലുള്ള വിശ്വാസമാണ്.

## III. പേരെഴുതുക 5

11. "മൂറോൻ" എന്ന ഗ്രീക്ക് പദത്തിന്റെ അർത്ഥമെന്ത്?
12. "യഹൂദപൗരാണികത്വം"എന്ന ചരിത്രഗ്രന്ഥത്തിന്റെ രചയിതാവ്?
13. "ക്രേദോ" എന്ന ലത്തീൻ പദത്തിന്റെ അർത്ഥമെന്ത്?
14. "കുർബാന സ്വീകരിക്കുന്നതിനു പോകാതിരിക്കുന്നത്, ഉറവയുടെ അടുത്ത് ദാഹിച്ച് മരിക്കുന്നതുപോലെയാണ്." ആരുടേതാണ് ഈ വാക്കുകൾ?
15. "താമാ" എന്ന അറമായ വാക്കിന്റെ അർത്ഥമെന്ത്?

## IV. ഒറ്റവാക്കിൽ ഉത്തരമെഴുതുക 5

16. "മദ്ബഹ" എന്തിന്റെ പ്രതീകമാണ്?
17. "ദുക്റാന" എന്ന സുറിയാനി പദത്തിന്റെ അർത്ഥമെന്ത്?
18. അൽഫോൻസാമ്മയെ വിശുദ്ധയായി പ്രഖ്യാപിച്ച മാർപാപ്പ?
19. വി. കുർബാനയിൽ കാസയും പീലാസയും സംവഹിച്ച് ബലിപീഠത്തിലേക്കുള്ള പ്രദക്ഷിണം എന്തിനെയാണ് അനുസ്മരിപ്പിക്കുന്നത്?
20. സീറോമലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ്?

## V. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക 10

21. ഈശോയുടെ ചരിത്രപരത അറിയേണ്ടതിന്റെ ആവശ്യകത എന്ത്?
22. എന്താണ് അപ്പോക്രിഫൽ ഗ്രന്ഥങ്ങൾ?
23. കത്തോലിക്കാസഭയിൽ ഉപയോഗത്തിലിരിക്കുന്ന വിശ്വാസപ്രമാണത്തിന്റെ രണ്ട് രൂപങ്ങൾ ഏതെല്ലാം?
24. ആചാരാനുഷ്ഠാനങ്ങൾ എന്നാൽ എന്ത്?
25. തോമ്മാശ്ലീഹായുടെ ഭാരത പ്രേഷിതത്വത്തെപ്പറ്റി വിവരിക്കുന്ന രണ്ട് പുരാതനകൃതികൾ ഏവ?

## VI. ബൈബിളിൽ നിന്നും ഉദ്ധരിക്കുക 5

26. ദൈവവചനം കേൾക്കുകയും ദൈവവചനമനുസരിച്ച് ജീവിക്കുകയും ചെയ്യുന്നവർക്ക് ഈശോ വാഗ്ദാനം ചെയ്യുന്ന സൗഭാഗ്യം വി. യോഹന്നാന്റെ സുവിശേഷത്തിൽ നിന്ന് (യോഹ 5:24).
27. ക്രിസ്തുവിന്റെ ഉയിർപ്പിനെപ്പറ്റി വി. പൗലോസ് ശ്ലീഹാ പഠിപ്പിച്ച വചനം കോറിന്തോസുകാർക്കുള്ള ഒന്നാം ലേഖനത്തിൽ നിന്ന് (1 കോറി 15:14).

## VII. ഉത്തരമെഴുതുക

28. എന്താണ് ചെപ്പേടുകൾ? മാർത്തോമ്മാ നസ്രാണികൾക്കു ലഭിച്ച പ്രധാന ചെപ്പേടുകൾ ഏവ? **3**

29. സത്യസന്ധതയോടെ ചരിത്രത്തെ സമീപിക്കുന്ന ഏതൊരാൾക്കും ഈശോയുടെ ചരിത്രപരതയെ നിഷേധിക്കാനാവില്ല. കാരണമെന്ത്? **3**

30. വിശ്വാസപ്രമാണത്തിന്റെ മൂന്ന് ഭാഗങ്ങൾ ഏവ? വിശദമാക്കുക.**3**

31. ക്രിസ്തീയജീവിതം സ്വന്തമാക്കുവാൻ നാം ചെയ്യേണ്ട ആറ് കാര്യങ്ങൾ ഏവ? **3**

32. ഭാരതത്തിലെ മാർത്തോമ്മാക്രിസ്ത്യാനികളുടെ ആദ്യകാലചരിത്രം വ്യക്തമാക്കുന്ന രേഖകൾ ഇല്ലാതാവാൻ കാരണമെന്ത്? ആദ്യകാലചരിത്രത്തെപ്പറ്റി അറിയുവാനുള്ള ഉറവിടങ്ങൾ ഏവ?**4**

33. വിശ്വാസത്തിന്റെ സവിശേഷതകളും പ്രത്യേകതകളും എന്തെല്ലാം? വിശ്വാസജീവിതം വെല്ലുവിളികൾ നേരിടുന്ന ഈ കാലഘട്ടത്തിൽ വിശ്വാസാധിഷ്ഠിതജീവിതം നയിച്ച് നിങ്ങൾ എപ്രകാരം ഈശോയ്ക്ക് സാക്ഷ്യം വഹിക്കും? **4**

34. ആരാധനക്രമത്തിന്റെ ആഘോഷങ്ങളുടെ നിരയിൽ പ്രധാനപ്പെട്ട ഒന്നാണ് പൊതുജനഭക്തി. വിവിധങ്ങളായ ഭക്താനുഷ്ഠാനങ്ങളും ആചാരാനുഷ്ഠാനങ്ങളും ഇതിന്റെ ഭാഗമാണ്. ആചാരാനുഷ്ഠാനങ്ങളും ഭക്താനുഷ്ഠാനങ്ങളും എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു. ആത്മീയ ജീവിതത്തിൽ മുന്നേറുവാൻ ഇവ നിങ്ങളെ എത്രത്തോളം സഹായിക്കുന്നു. വിശദമാക്കുക. **5**

35. അനുരഞ്ജന കൂദാശയ്ക്ക് മുമ്പുള്ള ജപം? **5**

36. പ്രേഷിതപ്രവർത്തന മാർഗ്ഗങ്ങൾ ഏവ? സുവിശേഷവൽക്കരണം എന്ന ദൗത്യം സഭ അവളുടെ നാഥനായ ഈശോമിശിഹായിൽ നിന്ന് സ്വീകരിച്ചതാണ്. അതിനാൽ സഭയുടെ ഓരോ അംഗവും പ്രേഷിതനാണ്/പ്രേഷിതയാണ്. ക്രിസ്തുശിഷ്യരെന്ന നിലയിൽ നിങ്ങൾക്ക് എങ്ങനെ സഭയുടെ പ്രേഷിതപ്രവർത്തനങ്ങളിൽ കൂടുതൽ സജീവമായി പങ്കുചേരാൻ കഴിയും? **5**

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്
## തലശ്ശേരി അതിരൂപത
### ഓണപരീക്ഷ - 2024

| | |
|---|---|
| ക്ലാസ്സ് : XII | സമയം : 2 മണിക്കൂർ |
| തീയതി : 01-9-2024 | മാർക്ക് : 70 |

**I. ശരിയായ ഉത്തരം എടുത്തെഴുതുക** 5

1. ദൈവികവെളിപാടിന് മനുഷ്യൻ നൽകേണ്ട പ്രത്യുത്തരത്തിന്റെ പൂർണ്ണമായ രൂപം.
(മറിയം, ഈശോ, അബ്രാഹം)

2. ഭൗതികവും, അനുഭവപ്രദവുമായ തലങ്ങൾക്കപ്പുറം കടന്നു ചെല്ലാനുള്ള മനുഷ്യമനസ്സിന്റെ കഴിവിനെ ചോദ്യം ചെയ്യുന്ന ദാർശനിക നിലപാട്.
(ഭൗതികവാദം, അജ്ഞേയവാദം, യുക്തിവാദം)

3. പെന്തക്കോസ്തു സമൂഹങ്ങൾ തങ്ങളുടെ ജീവിതമാനദണ്ഡ മെന്ന് അവകാശപ്പെടുന്ന പുസ്തകം.
(റോമാ ലേഖനം, വെളിപാട്, അപ്പസ്തോല പ്രവർത്തനങ്ങൾ)

4. "ദൈവമേ, നീ എന്നെ നിനക്കായി സൃഷ്ടിച്ചു. നിന്നിൽ വിലയം പ്രാപിക്കുന്നതുവരെ എന്റെ ആത്മാവ് അസ്വസ്ഥമായിരിക്കും." ആരുടേതാണ് ഈ വാക്കുകൾ?
(വി. അഗസ്തീനോസ്, വി. ഇഗ്നേഷ്യസ്, വി. ജെറോം)

5. അതിശയോക്തി നിറഞ്ഞ സ്വയം മതിപ്പ്.
(അഹന്ത, സ്വാർത്ഥത, വ്യർത്ഥാഭിമാനം)

**II. പൂരിപ്പിക്കുക** 5

6. ഗാർഹിക സഭയായ .................. ൽ നിന്നാണ് വിശ്വാസം തലമുറകളിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെടുന്നത്.

7. "പദാർത്ഥമാണ് യാഥാർത്ഥ്യം, അതിനപ്പുറമൊന്നുമില്ല" എന്ന ചിന്ത നല്കുന്ന ദർശനമാണ് ...............

8. സ്വന്തം സുഖത്തിനും, സന്തോഷത്തിനും വേണ്ടി ലൗകിക വസ്തുക്കളെ അമിതമായി ഉപയോഗിക്കാനുള്ള ആഗ്രഹമാണ് .................

9. വിശ്വാസികളുടെ പിതാവാണ് .................
10. ധനം സമ്പാദിക്കാനുള്ള മനുഷ്യന്റെ അമിതമായ ആഗ്രഹമാണ് .................

## III. ഒറ്റവാക്കിൽ ഉത്തരമെഴുതുക 5

11. വിശ്വാസാനുസരണത്തിന്റെ സമ്പൂർണ്ണരൂപം ആര്?
12. ഹ്യൂമനിസം അനുസരിച്ച് എല്ലാറ്റിന്റെയും മാനദണ്ഡം ആര്?
13. "യുക്തികൊണ്ട് തെളിയിക്കാനാവാത്തത് യാഥാർത്ഥ്യമല്ല; പഞ്ചേന്ദ്രിയങ്ങളിലൂടെ അനുഭവസിദ്ധമാകുന്ന അറിവേ അംഗീകരിക്കാനാവൂ" എന്ന ചിന്ത നൽകുന്ന പ്രത്യയശാസ്ത്രം.
14. സമ്പത്തിന്റെ അമിതമായ ഉപയോഗം?
15. ദൈവം, ആത്മാവ്, മരണാനന്തര ജീവിതം ഇവയെല്ലാം മിഥ്യയാണെന്ന് വാദിക്കുന്ന പ്രത്യയശാസ്ത്രം?

## IV. പേരെഴുതുക 5

16. "മദ്ബഹ" എന്തിന്റെ പ്രതീകമാണ്?
17. "ദുക്റാന" എന്ന സുറിയാനി പദത്തിന്റെ അർത്ഥമെന്ത്?
18. അൽഫോൻസാമ്മയെ വിശുദ്ധയായി പ്രഖ്യാപിച്ച മാർപാപ്പ?
19. വി. കുർബാനയിൽ കാസയും പീലാസയും സംവഹിച്ച് ബലിപീഠത്തിലേക്കുള്ള പ്രദക്ഷിണം എന്തിനെയാണ് അനുസ്മരിപ്പിക്കുന്നത്?
20. സീറോമലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ്?

## V. ബൈബിളിൽ നിന്നും ഉദ്ധരിക്കുക 5

21. ദൈവവചനത്തിന്റെ ജീവദായകമായ ശക്തി വ്യക്തമാക്കുന്ന വചനം ഹെബ്രായ ലേഖനത്തിൽ നിന്ന് (ഹെബ്രാ 4:12).
22. പ്രലോഭനങ്ങൾ ഉണ്ടാകുമ്പോൾ അവയെ അതിജീവിക്കാൻ വേണ്ട ശക്തി ദൈവം നമുക്ക് നൽകുമെന്ന് വ്യക്തമാക്കുന്ന വചനം കോറിന്തോസുകാർക്കുള്ള ഒന്നാം ലേഖനത്തിൽ നിന്ന് (1 കോറി 10:13).

## VI. ഉത്തരം എഴുതുക

23. ദൈവികവെളിപാട് അഥവാ ദൈവാവിഷ്കാരം എന്നാൽ എന്ത്? **2**
24. തൊഴിൽ ദാതാവിനെയും തൊഴിലാളികളെയും കുറിച്ച് സഭയുടെ കാഴ്ചപ്പാട് എന്താണ്? **2**
25. തിൻമയ്ക്കെതിരെയുള്ള പോരാട്ടത്തിന്റെ രണ്ട് തലങ്ങൾ ഏവ? **2**
26. പ്രണയം എന്നാൽ എന്ത്? **2**
27. പെന്തക്കോസ്തു പ്രസ്ഥാനങ്ങളുടെ പ്രധാന ജീവിതശൈലിയും പഠനങ്ങളും ഏവ? **3**
28. ക്രൈസ്തവവിശ്വാസവും കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രവും തമ്മിലുള്ള വിയോജിപ്പിന്റ പ്രധാന മേഖലകൾ വ്യക്തമാക്കുക?**3**
29. നല്ല പ്രണയത്തിന്റെ ലക്ഷണങ്ങൾ ഏവ? **4**
30. ലൗകിക പ്രലോഭനങ്ങൾ ഏതെല്ലാം രൂപങ്ങളിൽ മനുഷ്യനെ തേടിവരുന്നു. ഏതെങ്കിലും 4 എണ്ണം വിശദമാക്കുക. **4**
31. പെന്തക്കോസ്തു സമൂഹങ്ങളുടെ പ്രധാന പോരായ്മകളും വെല്ലുവിളികളും ഏവ? പെന്തക്കോസ്തു സമൂഹങ്ങളുടെ തെറ്റായ പഠനങ്ങളാൽ വശീകരിക്കപ്പെടാതിരിക്കുവാൻ നിങ്ങൾ എന്തെല്ലാം മുൻകരുതലുകൾ സ്വീകരിക്കും? **4**
32. യഥാർത്ഥ പ്രണയവും Infatuation - ഉം തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കുക. **4**
33. അനുരഞ്ജന കൂദാശയ്ക്ക് വേണ്ട കാര്യങ്ങൾ ഏവ? **5**
34. വിശ്വാസത്തിന്റെ സവിശേഷതകൾ ഏവ? സ്വാർത്ഥ നേട്ടങ്ങൾക്കു വേണ്ടി വിശ്വാസം ത്യജിക്കാൻ പ്രലോഭിതരാകുന്ന സാഹചര്യങ്ങളിൽ നിങ്ങൾ എന്ത് നിലപാട് സ്വീകരിക്കും? **5**
35. ആത്മീയസമരത്തിൽ വിജയിക്കാൻ നാം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ? ക്രിസ്തീയവിശ്വാസവും ധാർമ്മികതയും വെല്ലുവിളികൾ നേരിടുന്ന ഈ കാലഘട്ടത്തിൽ ആത്മീയസമരത്തിൽ ക്രിയാത്മകമായി പ്രവർത്തിക്കാൻ യുവജനങ്ങളായ നിങ്ങൾക്ക് എന്തെല്ലാം ചെയ്യാൻ സാധിക്കും? **5**